നേരിടാൻ ചില പൊതുവേദികളിൽ ഒത്തു ചേരുകയും, സംയുക്തമായി കാംപയിൻ നടത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം മത തീവ്രവാദ സംഘടനകൾ ഇടതുപക്ഷ തീവ്രവാദ സംഘടനാ പ്രവർത്തകർക്ക് മറ്റ് ഏതെങ്കിലും വിധത്തിൽ സഹായം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല.

(ഡി) മത തീവ്രവാദ സംഘടനകളും മാവോയിസ്റ്റുകളും കേരളത്തെ ഒളിത്താവളമാക്കുന്നത് പോലുള്ള സംഭവങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ പോലീസ്, ഇന്റലിജൻസ് വിഭാഗങ്ങൾ നിരന്തരം നിരീക്ഷണം നടത്തിവരുന്നു.

സംസ്ഥാന സുരക്ഷാ കമ്മീഷൻ

6 (211) ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുതിയ പോലീസ് നിയമത്തിലെ വ്യവസ്ഥയനുസരിച്ചുള്ള സംസ്ഥാന സുരക്ഷാ കമ്മീഷൻ രൂപവത്ക്കരിക്കാനുള്ള എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) പോലീസ് സേനയുടെ നിരീക്ഷണത്തിനായി രൂപവത്ക്കരിക്കുന്ന സംസ്ഥാന സുരക്ഷാ കമ്മീഷന്റെ ചെയർമാനായി ആരെ നിയമിക്കണമെന്ന് തീരുമാനിക്കുകയുണ്ടായോ ; ഇതിനായി എന്തു നടപടികൾ സ്വീകരിച്ചു ;

(സി) സുരക്ഷാ കമ്മീഷൻ എന്നുമുതൽ പ്രവർത്തനം നടത്തുമെന്നാണ് കരുതുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തീരദേശ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

7 (212) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരദേശ സംരക്ഷണത്തിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിലേക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ഡി) തീരദേശ സംരക്ഷണത്തിനായി ഇനി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇതിലേയ്ക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly